"ഭരണഭാഷ– മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിലെ 'അമൃതകുടീരം കോളനി'യിലെ വാസയോഗ്യമല്ലാത്ത വീടുള്ള 124 കുടുംബങ്ങളിൽ പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിൽ ഉൾപ്പെടുത്തിയ കുടുംബങ്ങൾ ഒഴിച്ച് ബാക്കിയുള്ളവരെ പി.എം.എ.വൈ (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലൈഫ് മിഷന്റെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ലൈഫ് മിഷന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

**G.O.(Rt)No.1349/2019/LSGD** തീയതി,തിരുവനന്തപുരം, 02/07/2019

---

പരാമർശം:-1 വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 24/11/2018 തീയതിയിലെ നിവേദനം

2 സ.ഉ.(സാധാ)നം.3059/2018/ത.സ്വ.ഭ.വ. തീയതി 02/12/2018

**ഉത്തരവ്**

വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിൽ ജി.സി.ഡി.എ.യുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 3.14 ഏക്കർ സ്ഥലത്ത് (അമൃത കുടീരം കോളനി) അമൃതാനന്ദമയി മഠത്തിന്റെ ആഭിമുഖ്യത്തിൽ 124 കുടുംബങ്ങൾക്ക് വീട് വച്ച് നൽകിയിരുന്നു. തുടർന്ന് ഓരോ കുടുംബത്തിനും 1.85 സെന്റ് സ്ഥലം വീതം ആധാരം ചെയ്തു നൽകി. ഈ വീടുകൾ നിലവിൽ ചോർന്നൊലിച്ച് ശോചനീയമായ അവസ്ഥയിലാണെന്നും, BPCL അനുവദിച്ച 3 ലക്ഷം രൂപ കൊണ്ട് ഈ വീടുകളുടെ മേൽക്കൂര ഷീറ്റ് വലിച്ചു കെട്ടി സംരക്ഷിച്ചാണ് നിലവിൽ ഈ കുടുംബങ്ങൾ താമസിക്കുന്നതെന്നും ഈ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും റോഡ് നിർമ്മാണം ഉൾപ്പെടെയുള്ള ഭൂവികസന പ്രവർത്തനങ്ങൾക്കും ഭീമമായ തുക ചെലവ് വരുന്നതിനാൽ ഈ തുക കണ്ടെത്തുന്നതിന് പഞ്ചായത്തിന് സാധിക്കാത്തതിനാൽ GCDA യുടെ പരിധിയിൽ വരുന്ന പ്രസ്തുത കുടുംബങ്ങളെ പ്രധാൻ മന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ഭൂവികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്തിന് അനുമതി നൽകണമെന്നും വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര-ഭവന നഗരകാര്യ മന്ത്രാലയം പ്രധാൻ മന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് വികസന അതോറിട്ടികളുടെ നോട്ടിഫൈഡ് പ്ലാനിംഗ് ഏരിയായ്ക്ക് കീഴിൽ വരുന്ന പ്രദേശങ്ങളെ കൂടി പി.എം.എ.വൈ.(നഗരം)പദ്ധതിയിൽ ഉൾപ്പെടുത്തിയതിനെ തുടർന്ന് പരാമർശം(2) പ്രകാരം TRIDA, GCDA, GIDA എന്നീ വികസന അതോറിട്ടികളുടെ നോട്ടിഫൈഡ് പ്ലാനിംഗ് ഏരിയായ്ക്ക് കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളെ പ്രധാൻ മന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, ജി.സി.ഡി.എ.യുടെ പരിധിയിൽ വരുന്ന വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിലെ മേല്പറഞ്ഞ പ്രദേശത്തെ വാസയോഗ്യമല്ലാത്ത വീടുള്ള 124 കുടുംബങ്ങളിൽ പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിൽ ഉൾപ്പെടുത്തിയ കുടുംബങ്ങൾ ഒഴിച്ച് ബാക്കിയുള്ളവരെ പരാമർശം(2)-ലെ ഉത്തരവ് പ്രകാരം പി.എം.എ.വൈ.(നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലൈഫ് മിഷന്റെ ഗുണഭോക്തൃ പട്ടികയിൽ, മറ്റ് മാനദണ്ഡങ്ങൾക്ക് വിധേയമായി, ഉൾപ്പെടുത്തുന്നതിന് ലൈഫ് മിഷന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ പ്രസ്തുത കോളനിയിൽ ഭൂവികസന പ്രവർത്തനങ്ങൾ ഫണ്ട് കണ്ടെത്തി നടപ്പാക്കുന്നതിന് വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
DEPUTY SECRETARY

പ്രസിഡന്റ്/സെക്രട്ടറി, വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SMITHA B CHANDRA
Date: 2019.07.02 14:16:24 IST
Reason: Approved

സെക്ഷൻ ഓഫീസർ